"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ - പേരൂർക്കട - വഴയില റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള അപേക്ഷയിൽ കക്ഷിയായ ശ്രീമതി. നിരഞ്ജന കുമാരന് അനുവദിച്ച തുക "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.991/2024/LSGD തീയതി,തിരുവനന്തപുരം, 07-06-2024

---

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07.07.2023ലെ എസ്റ്റ്1/909/2021/ട്രിഡ(1) നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 371/2024/തസ്വഭവ തീയതി 14/02/2024
3. സ.ഉ.(സാധാ) നം. 3880/2024/ധന തീയതി 06/05/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി കവടിയാർ- പേരൂർക്കട - വഴയില റോഡ് വികസനത്തിലേക്കായി ട്രിഡ അർത്ഥനാധികാരിയായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28 എ പ്രകാരം കക്ഷിയായ ശ്രീമതി. നിരഞ്ജന കുമാരൻ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം സബ് കോടതിയുടെ LAR 2/2019 കേസിലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 50,42,791/- രൂപ അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ട്രിഡ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) കവടിയാർ - പേരൂർക്കട - വഴയില റോഡ് വികസനത്തിന് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നും വില നിയമം സെക്ഷൻ 28എ പ്രകാരമുള്ള അപേക്ഷയിന്മേൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 50,42,791/- രൂപ കക്ഷിയായ ശ്രീമതി. നിരഞ്ജന കുമാരന് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി പരാമർശം (3) പ്രകാരം അധിക ധനാനുമതിയായി 50,43,000/- രൂപ "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3 ) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ കവടിയാർ - പേരൂർക്കട - വഴയില റോഡിന്റെ വികസനത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 65/231( New-47) ൽ ഉൾ പ്പെട്ട 00.53 ആർസ് സ്ഥലത്തിന് കക്ഷിയായ ശ്രീമതി. നിരഞ്ജന കുമാരന് (D/o Chitra

Gopalan, T.C.4/421, Narmada House, Ambalamukku, Kowdiar) എന്നിവർ ക്ക് അവാർഡ് തുകയായ 50,42,791/- രൂപ (അൻപത് ലക്ഷത്തി നാൽപത്തിരണ്ടായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി ഒന്ന് രൂപ മാത്രം) "4217-60-800-93 (Plan)" എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരാമർ ശം ( 3 ) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിനുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി നഗരകാര്യ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ട്രിഡ
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
ശ്രീമതി. നിരഞ്ജന കുമാരൻ, D/o Chitra Gopalan, T.C.4/421, Narmada House, Ambalamukku, Kowdiar
ട്രിഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രിഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ/ ഇ.ആർ.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ധനവകുപ്പ് (WCD-3/53/2024-FIN E 2734425 dated 17/5/2025)
കരുതൽ ഫയൽ / ഓഫീസ് കോപ്പി (IA2/106/2023/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 07-06-2024 13:15:44
സെക്ഷൻ ഓഫീസർ